# VIJNANABHAVAN - KOTHAMANGALAM

## SECOND SEMESTER EXAMINATION 2022 - 2023

**Std IX** Time : 2 hrs.
15.04.2023 Marks : 70

Name ..........................................................................................
ID No ..........................................................................................
House Name ..........................................................................................
Division ..........................................................................................
Parish ..........................................................................................

| Written Exam | |
|---|---|
| 70 | |
| **Viva Exam** | |
| 20 | |
| **Total Marks** | |
| 90 | |

**ശരിയായ ഉത്തരത്തിന് ☑ ചിഹ്നം രേഖപ്പെടുത്തുക.** (10 x 1 = 10)

1 പിതാവായ ദൈവം പരിശുദ്ധാത്മാവിലൂടെ സഭയ്ക്ക് നൽകുന്ന ദാനമാണ്
☐ പൗരോഹിത്യം ☐ വിവാഹം ☐ സന്യാസം

2 സെപ്റ്റംബർ 14-ാം തീയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയുടെ തിരുന്നാൾ കേന്ദ്രമാക്കിയുള്ള കാലമാണ്.
☐ പള്ളിക്കൂദാശക്കാലം ☐ ഏലിയ-സ്ലീവ-മൂശക്കാലം ☐ കൈത്താക്കാലം

3 ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസം ഏറ്റു പറഞ്ഞ നമ്മുടെ പിതാവായ തോമ്മാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനം അനുസ്മരിക്കുന്ന ദിനമാണ്.
☐ ദുക്റാനതിരുന്നാൾ ☐ പുതുഞായർ ☐ പന്തക്കുസ്താ തിരുന്നാൾ

4 ഈശോയെ ലോകത്തിനു വെളിപ്പെടുത്തി കൊടുത്ത അപ്പസ്തോലന്മാരെയും വിശുദ്ധരെയും ദനഹാക്കാലത്തിലെ ഏത് ദിവസങ്ങളിലാണ് പ്രത്യേകം അനുസ്മരിക്കുന്നത്.
☐ വെള്ളിയാഴ്ചകളിൽ ☐ ഞായറാഴ്ചകളിൽ ☐ ബുധനാഴ്ചകളിൽ

5 രക്ഷാകര ചരിത്രത്തിലെ പ്രധാന സംഭവങ്ങളെ അടിസ്ഥാനമാക്കി ആരാധനാവത്സരത്തെ എത്രയായി തിരിച്ചിരിക്കുന്നു?
☐ എട്ടായിട്ട് ☐ ഒൻപതായിട്ട് ☐ ഏഴായിട്ട്

6 പാപത്തിന്റെ അടിമത്തത്തിൽ നിന്ന് ദൈവസ്നേഹത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക് ദൈവജനത്തെ നയിക്കേണ്ടവരാണ്.
☐ സമർപ്പിതർ ☐ പുരോഹിതർ ☐ മെത്രാന്മാർ

7 ഇസ്രായേലിനു വേണ്ടി കാഴ്ചകളും ബലികളും അർപ്പിക്കാൻ നിയുക്തരായിരുന്ന ഗോത്രവിഭാഗമാണ്.
☐ അഹറോന്റെ ഗോത്രം ☐ ലേവിഗോത്രം ☐ ദാവീദിന്റെ ഗോത്രം

8 നസ്രാണി ക്രിസ്ത്യാനികളുടെ ഇടയിലുള്ള അചാരാനുഷ്ഠാനങ്ങൾ വിശ്വാസ പാരമ്പര്യങ്ങൾ മുതലായവ മാറ്റി ലത്തീൻ ക്രമം നടപ്പാക്കാനുള്ള ലക്ഷ്യത്തോടെ വിളിച്ചുകൂട്ടിയ സമ്മേളനമാണ്
☐ ഒന്നാം വത്തിക്കാൻ സൂനഹദോസ് ☐ രണ്ടാം വത്തിക്കാൻ സൂനഹദോസ്
☐ ഉദയംപേരൂർ സൂനഹദോസ്

9 മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് ചരിത്രത്തിലാദ്യമായി സ്വന്തം സമുദായത്തിൽ നിന്നും ലഭിച്ച മലയാളിയായ മെത്രാനാണ്.
☐ മാർ ജോസഫ് സെബസ്ത്യാനി ☐ പറമ്പിൽ ചാണ്ടി മെത്രാൻ ☐ മാർ ഇവാനിയോസ്

10 മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് തൃശ്ശൂർ, ചങ്ങനാശ്ശേരി, എറണാകുളം എന്നീ വികാരിയത്തുകൾ സ്ഥാപിച്ചു നൽകിയ മാർപാപ്പയാണ്.
☐ ലെയോ പതിമൂന്നാമൻ പാപ്പ ☐ പോൾ VI-ാമൻ പാപ്പ ☐ പന്ത്രണ്ടാം പീയൂസ് പാപ്പ

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** (5 x 2 = 10)

11 നമ്മുടെ രൂപതയിലെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ദൈവാലയം ഏതാണ്?

12 "രക്ഷയുടെ സദ് വാർത്തയായ സത്യത്തിന്റെ വചനം" എന്ന് വചനത്തെ വിശേഷിപ്പിച്ച ശ്ലീഹ.

13 ദൈവിക ജീവൻ നൽകുന്ന അവിടത്തെ രക്ഷാകരമായ സാന്നിദ്ധ്യം നാം ഇന്ന് അനുഭവിച്ചറിയുന്നത് എങ്ങനെയാണ്?

14 ഈശോയുടെ ഉത്ഥാനശേഷം അവിടുന്ന് നേരത്തെ നിർദ്ദേശിച്ചതനുസരിച്ച് പതിനൊന്ന് ശിഷ്യന്മാരും എങ്ങോട്ടാണ് പോയത്?

15 കോതമംഗലം രൂപതയ്ക്ക് പുതിയതായി ലഭിച്ച മിഷൻ പ്രദേശം.

**യോജിക്കുന്നവ ചേർത്തെഴുതുക.** (5 x 1 = 5)

| | A | | B |
|---|---|---|---|
| 16 | മാർ ക്ലീമിസ് കാതോലിക്ക ബാവ | ........................ | പ്രകാശത്തിന്റെ രഹസ്യം |
| 17 | പാറേമാക്കൽ തോമ്മാക്കത്തനാർ | ........................ | ആരാധനവത്സര പഞ്ചാംഗം |
| 18 | ഈശോയാബ് III-ാമൻ | ........................ | വർത്തമാന പ്പുസ്തകം |
| 19 | വി. ജോൺ പോൾ II-ാൻ പാപ്പ | ........................ | പുത്തൻപാന |
| 20 | അർണ്ണോസ് പാതിരി | ........................ | KCBC പ്രസിഡന്റ് |

**വചനം പൂർത്തിയാക്കുക.** (3 x 3 = 9)

21 "എന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ ..............................................................................................

..............................................................................................

........................................................ നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (യോഹ 8:31-32).

22 "നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും..............................................................................................

..............................................................................................

........................................................ സ്വന്തം ജനവുമാണ്" (1 പത്രോ 2:9).

23 "ആകയാൽ ഈശോ കർത്താവാണ് എന്ന് ..............................................................................................

..............................................................................................

........................................................ നീ രക്ഷ പ്രാപിക്കും" (റോമ 10:9).

**രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.** (4 x 4 = 16)

24 ഉദയംപേരൂർ സൂനഹദോസ് തീരുമാനങ്ങൾ മാർത്തോമ്മാ നസ്രാണി സമൂഹത്തിന്റെ വളർച്ചയ്ക്ക് സഹായിച്ച കാര്യങ്ങൾ ഏതെല്ലാമാണ്?

25 കൂനൻ കുരിശു സത്യം എന്നാണ് നടന്നത്? ഇതിന്റെ കാരണങ്ങൾ എന്തായിരുന്നു?

26 പെസഹാക്കാല ത്രികാല ജപം എഴുതുക.

27 "കൈത്താക്കാലം" നമ്മെ അനുസ്മരിപ്പിക്കുന്ന ചിന്തകൾ ഏതെല്ലാമാണ്?

**ഉത്തരമെഴുതുക.** (4 x 5 = 20)

28 മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആചാരാനുഷ്ഠാനങ്ങൾ ഏതെല്ലാമാണ്? ഒരു വിവരണം തയ്യാറാക്കുക.

29 സന്തോഷത്തിന്റെ ദിവ്യരഹസ്യങ്ങൾ എഴുതുക.

30 “വിവാഹം” എന്ന കൂദാശയുടെ ലക്ഷ്യങ്ങൾ ഏതെല്ലാം? വിശദീകരിക്കുക.

31 പ്രവേശകകൂദാശകൾ ഏതെല്ലാമാണ്? എന്തുകൊണ്ടാണ് ഈ കൂദാശകൾ പൗരസ്ത്യ സഭകളിൽ ഒന്നിച്ചു നൽകുന്നത്?